നിയതമായ രൂപമില്ലെങ്കിൽ അത്തരം രൂപമുണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ അവർക്ക് രജിസ്റ്റർ ചെയ്യാം. അത് കുറെക്കൂടി ഭംഗിയായി നടത്തത്തക്ക രീതിയിൽ നിയമാവലിയുണ്ടാക്കുന്നകാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആന്റണി രാജു : ഉപഭോക്തൃ ഫോറങ്ങളുടെ അദ്ധ്യക്ഷനുൾപ്പെടെയുള്ള അംഗങ്ങളുടെ ഒഴിവുകൾ യഥാസമയം നികത്താത്തതുമൂലം ഉപഭോക്താക്കൾക്ക് പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഉദാഹരണത്തിന് തിരുവനന്തപുരത്തുതന്നെ മൂന്നു മാസം വേണ്ടിവന്നു ഒഴിവ് നികത്താൻ. യഥാസമയം ഒഴിവു നികത്തി ഉപഭോക്താക്കൾക്ക് സൗകര്യപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ചിലപ്പോൾ ചില ഡിലേ വന്നിട്ടുണ്ട്. ഡിസ്ട്രിക്ട് ജഡ്ജസിന്റെ പാനൽ കിട്ടാൻ, അതുപോലെ മറ്റ് മെമ്പർമാരെ സംബന്ധിച്ചുള്ള പരിശോധന നടത്താൻ, ചില ജഡ്ജിമാരുടെ പാനൽ കൺസിഡർ ചെയ്യുമ്പോൾ അവരുടെ ഏജ് മാറിപ്പോകുന്നുണ്ട്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഡിലേ വരാതിരിക്കാൻ ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ആന്റണി രാജു : സർ, അളവുകളിലും തൂക്കങ്ങളിലുമാണ് ഉപഭോക്താക്കൾ കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നത്. ഇതിനൊരു പരിഹാരമെന്നുള്ള നിലയ്ക്ക് നമ്മുടെ പൊതുമാർക്കറ്റുകളിൽ എങ്കിലും ഇപ്പോൾ തൂക്കിക്കൊടുക്കുന്ന സാധനങ്ങൾ വീട്ടിൽ കൊണ്ടുപോയി തൂക്കി നോക്കുമ്പോഴാണ് അതിന്റെ വ്യത്യാസം മനസ്സിലാകുന്നത്. പാളയം മാർക്കറ്റിൽ നമുക്ക് പൊതുവായ ഒരു ബൂത്ത് വിദേശരാജ്യങ്ങളിൽ ഉള്ളതുപോലെ ഈ തൂക്കിക്കൊടുക്കുന്ന അളവ് ശരിയാണോയെന്ന് പരിശോധിക്കാൻ പരീക്ഷണാടിസ്ഥാനത്തിലെങ്കിലും പ്രധാനപ്പെട്ട ഒന്ന് രണ്ട് മാർക്കറ്റുകളിലെങ്കിലും ഇത് സ്ഥാപിക്കുന്നകാര്യം ഗവൺമെന്റ് ആലോചിക്കുമോ, പരിഗണിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇത് കൈകാര്യം ചെയ്യുന്നത് ലീഗൽ മെട്രോളജി വകുപ്പാണ്. ഞാൻ ഈ നിർദ്ദേശം ലീഗൽ ആന്റ് മെട്രോളജി വകുപ്പിനെ അറിയിക്കാം.

*(ചോദ്യോത്തര സമയം കഴിഞ്ഞു.)*

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**6 (*399) കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇപ്പോൾ എന്തെല്ലാം പരിപാടികൾ നടന്നുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരം തീരുമാനിക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി പ്രധാനമായും സർവ്വേ, ആരോഗ്യ വിദ്യാഭ്യാസം, കുഷ്ഠരോഗ ചികിത്സ, രോഗവിമുക്തരുടെ പുനരധിവാസം എന്നിവയാണ് സംസ്ഥാനത്ത് നടന്നുവരുന്നത്. കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തകർ വീടുവീടാന്തരം സന്ദർശിച്ച് കുഷ്ഠരോഗം കണ്ടുപിടിക്കുകയും ചെയ്യുന്നു. സംശയം ഉള്ള രോഗികളെ ഒരു മെഡിക്കൽ ഓഫീസറെ കാണിച്ച് രോഗനിർണ്ണയം നടത്തുകയും ചികിത്സ നിർദ്ദേശിക്കുകയും ചെയ്യുന്നു. സൗജന്യമായി കുഷ്ഠരോഗ മരുന്നുകൾ രോഗികൾക്ക് നൽകുകയും അത് കഴിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കണ്ടുപിടിച്ച കുഷ്ഠരോഗികളെ ഒരു ഡോക്ടറുടെ മേൽനോട്ടത്തിൽ ചികിത്സയ്ക്ക് വിധേയനാക്കുന്നു. അങ്ങനെയുള്ള രോഗികളുടെ കുടുംബാംഗങ്ങളെ വിശദമായ പരിശോധനയ്ക്ക് വിധേയരാക്കുന്നു. രോഗികളിൽ അംഗവൈകല്യം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുന്നു. ചികിത്സാ സമയത്തുണ്ടാകുന്ന പാർശ്വഫലങ്ങൾ അപ്പോഴപ്പോൾ കണ്ടുപിടിച്ച് അതിനു വേണ്ട ചികിത്സയും നൽകുന്നു. കൂടാതെ അംഗവൈകല്യം വന്ന രോഗികൾക്ക് പുനരധിവാസ ശസ്ത്രക്രിയ്ക്കുള്ള സൗകര്യം ചെയ്തുകൊടുക്കുന്നു.

ആരോഗ്യ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി രോഗികളിലും ജനങ്ങളിലും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. കുഷ്ഠരോഗത്തിന്റെ ആരംഭലക്ഷണങ്ങൾ തിരിച്ചറിയുവാനും രോഗികളിൽ അംഗവൈകല്യം വരുന്നത് ഒഴിവാക്കാനുമുള്ള പ്രത്യേക ബോധവൽക്കരണ പരിപാടികളുണ്ട്. സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ, മാധ്യമങ്ങളിൽ കൂടിയുള്ള പ്രചരണം, ആരോഗ്യ പ്രദർശനങ്ങൾ തുടങ്ങിയ ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു.

കുഷ്ഠരോഗം സുഖമായ ആളുകൾക്ക് പുനരധിവാസത്തിനുവേണ്ടി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും വ്യവസ്ഥയുണ്ട്. കൂടാതെ കുഷ്ഠ രോഗാശുപത്രികളിൽ രോഗവിമുക്തരായവരെ പേഷ്യന്റ് എംപ്ലോയീസ് ആയും രണ്ടാം ഗ്രേഡ് അറ്റന്റർമാരായും ഒഴിവുകളുടെ അടിസ്ഥാനത്തിൽ നിയമിക്കുന്നുണ്ട്.

നിർദ്ധനരായ രോഗികൾക്ക് ചികിത്സാ കാലയളവിൽ സാമ്പത്തിക സഹായം അനുവദിക്കാനുള്ള 'കുഷ്ഠരോഗ പെൻഷൻ' പദ്ധതിയും നിലവിലുണ്ട്. പരമാവധി 2 വർഷം വരെ മാസം 200 രൂപ പെൻഷനായി നൽകാൻ വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഡിസ്ട്രിക്ട് ലെപ്രസി സൊസൈറ്റികൾ പ്രവർത്തിച്ചുവരുന്നു. ജില്ലാതല പ്രവർത്തനങ്ങളെല്ലാം പ്രസ്തുത സൊസൈറ്റികൾ വഴിയാണ് നടത്തുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ആണ് സൊസൈറ്റികൾ പ്രവർത്തിക്കുന്നത്.

ഇതിനെല്ലാം പുറമെ സന്നദ്ധസംഘടനകൾ കേരളത്തിൽ കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പ്രവർത്തനവുമായി സഹകരിച്ചാണ് ഇവർ പ്രവർത്തിക്കുന്നത്.

(ബി) ഇല്ല.

**7 (*400) ടൂറിസം വികസനം**

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനും ടൂറിസ്റ്റുകൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രധാന ടൂറിസ്റ്റുകേന്ദ്രങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഒരു ടൂറിസ്റ്റ് മാപ്പ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ടൂറിസ്റ്റുകേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ഒരു 'ടൂറിസ്റ്റ് സർക്യൂട്ട്' ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ താമസിക്കുന്നതിന് കെ.ടി.ഡി.സി.യുടെ വിശ്രമകേന്ദ്രങ്ങളും റസ്റ്റോറണ്ടുകളും നിർമ്മിക്കുമോ;

(എഫ്) ടൂറിസ്റ്റ് കേന്ദ്രങ്ങൾ ബന്ധപ്പെടുത്തി കെ.ടി.ഡി.സി.യുടെ കണ്ട ക്റ്റഡ് ടൂർ നടത്താൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) പ്രചാരണ പ്രവർത്തനങ്ങളിലൂടെയും സന്ദർശകർക്കുള്ള ഭക്ഷണ-താമസ-വിനോദ സൗകര്യങ്ങളും യാത്രാ സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തിയും കൂടുതൽ വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ മേഖലയിലെ സ്വകാര്യ മുതൽമുടക്ക് പ്രോത്സാഹിപ്പിക്കുവാൻ നിയമാനുസൃതമായ എല്ലാ സൗകര്യങ്ങളും പ്രദാനം ചെയ്തുവരുന്നുണ്ട്. ഈ രംഗത്തെ നടപടികൾ സംബന്ധിച്ച സംക്ഷിപ്തമായ ഒരു വിവരണം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly